**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3574** **05-08-2021 - ൽ മറുപടിയ്ക്ക്**

**ഇൻവെസ്റ്റ്മെന്റ് സെൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. കെ. ജെ. മാക്സി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനും സംരംഭങ്ങൾക്കുവേണ്ട നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ഇൻവെസ്റ്റ്മെന്റ് സെൽ ആരംഭിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തു സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും, നിക്ഷേപകരുമായി സജീവ ബന്ധം സ്ഥാപിക്കുന്നതിനും, സംസ്ഥാനത്തെ ഉയർന്ന സാമ്പത്തിക സാധ്യതകളുള്ള മേഖലകളിലേക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി 'കേരളാ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ & ഫസിലിറ്റേഷൻ സെൽ' (KIPF) രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ നയത്തിനനുസൃതമായി ഉദ്യോഗസ്ഥ മനോഭാവം കൂടി മാറേണ്ടതുള്ളതിനാൽ സംരംഭം നടത്തുന്നതിനുള്ള പ്രായോഗിക തടസ്സങ്ങൾ ഒഴിവാക്കാൻ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സംസ്ഥാനത്തു വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അവ സുഗമമായി പ്രവർത്തിക്കുന്നതിനും വേണ്ട നിയമങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് 2018-ൽ നടപ്പിലാക്കിയ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം', 2019-ലെ 'കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ ഈ ഉദ്ദേശത്തോടെ നടപ്പിലാക്കിയ നിയമനിർമാണങ്ങളാണ്. എന്നിരുന്നാലും, വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും വേണ്ടി നിയമ പിന്തുണയുള്ള ഒരു പരാതിപരിഹാര കമ്മിറ്റി രൂപീകരിക്കുന്നുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ഈ കമ്മിറ്റി രൂപീകരിക്കുന്നത്. ഇതിനുവേണ്ടിയുള്ള കരട് നിയമഭേദഗതി ബഹു.മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നിയമപിന്തുണയുള്ള ഈ കമ്മിറ്റി നിലവിൽ വരുന്നതോടെ വ്യവസായ സംരംഭകരുടെ പരാതികളിന്മേൽ വേഗത്തിൽ നടപടിയുണ്ടാകുമെന്നും സംരംഭം നടത്തുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാകുമെന്നും പ്രതീക്ഷിക്കുന്നു. |
| (സി) | ഉത്തരവാദിത്ത വ്യവസായം, ഉത്തരവാദിത്ത നിക്ഷേപം എന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നിക്ഷേപസൗഹൃദ പരിപാടി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ നിക്ഷേപത്തിനായി പ്രത്യേകം നിയമനിർമ്മാണം തന്നെ നടത്തിയിട്ടുണ്ട്. വ്യവസായ സൗഹൃദ അന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ കാര്യക്ഷമമാക്കുവാനും നിക്ഷേപകർക്കുണ്ടാകുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പരാതികളും ഓൺലൈനായി സമർപ്പിക്കുവാനും അവയ്ക്ക് സമയബന്ധിതമായി തീർപ്പുകൽപ്പിക്കാനും/പരിഹരിക്കുവാനുമായി സംസ്ഥാനത്ത് ഒരു പരാതിപരിഹാര കമ്മിറ്റി രൂപീകരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ഏതെങ്കിലും നിയമപ്രശ്നത്തിൽ പ്രത്യേക പരിശോധന ആവശ്യമില്ലാത്ത കാര്യങ്ങളെല്ലാം തന്നെ, അപേക്ഷ സമർപ്പിച്ച് പരമാവധി വേഗത്തിൽ തീർപ്പു കല്പിക്കാനാണ് ഈ സംവിധാനം വഴി ഉദ്ദേശിക്കുന്നത്. മാത്രമല്ല വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനാ സംവിധാനം പുനഃക്രമീകരിച്ചുകൊണ്ട് വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന സോഫ്റ്റ് വെയർ അധിഷ്ഠിത ഏകീകൃത പരിശോധനാ സംവിധാനം ഇതിനകം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് പരിശോധിച്ച കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള കരട് നിർദ്ദേശം സമർപ്പിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ